(ഡി) നെൽക്കൃഷി വികസനത്തിനാവശ്യമായ എന്തു നടപടികളും സ്വീകരിക്കുന്നതിനുവേണ്ടി പ്രധാന നെൽക്കൃഷിമേഖലകളിലായി 10 വികസന ഏജൻസികൾ രൂപീകരിക്കുകയും 13 കോടിരൂപ നല്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കീടരോഗനിയന്ത്രണത്തിനായി കുട്ടനാട് കേന്ദ്രീകരിച്ച് ഒരു കീടനിരീക്ഷണ കേന്ദ്രം പ്രവർത്തിക്കുന്നു. കീടനിരീക്ഷണത്തിന്റെ ഭാഗമായി വിളക്കുകെണികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കീടരോഗനിയന്ത്രണത്തിനായി ഈ വർഷം 100 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്.

82 (3407) ഏലകൃഷിക്കാർക്ക് ആനുകൂല്യങ്ങൾ

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എ.കെ. മണി :
ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലകൃഷിക്കാർക്ക് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്;

(ബി) സ്പൈസസ് ബോർഡിൽനിന്ന് പ്രസ്തുത കൃഷിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നു?

ഉത്തരം

(എ)&(ബി) കേന്ദ്ര ഗവൺമെന്റിന്റെ സ്പൈസസ് ബോർഡാണ് സഹായങ്ങൾ നൽകുന്നത്.

1. ക്രമമായിട്ടുള്ള തോട്ട സന്ദർശനം, ഗ്രൂപ്പ് ചർച്ച, കൃഷിക്കാരുമായുള്ള മീറ്റിംഗ് എന്നിവ മുഖേന ഏലം കർഷകരെ ശാസ്ത്രീയമായ കൃഷി രീതികൾ പഠിപ്പിക്കുന്നു.

2. 25% ധനസഹായത്തോടെ ഗുണമേന്മയുള്ള നടീൽവസ്തുക്കൾ വിതരണം ചെയ്യുന്നു.

3. മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിന്, ജലസംഭരണികൾ നിർമ്മിക്കുന്നതിനും ജലസേചനത്തിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും നബാർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹകരണത്തോടെ സാമ്പത്തിക സഹായം നൽകുന്നു.

4. പ്രായമായതും രോഗം ബാധിച്ചതുമായ ഏലം ചെടികളെ മാറ്റി പകരം പുതിയ ഏലം തൈകൾവച്ചു പിടിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 12,500/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

83 (3408) കായൽ നിലങ്ങൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം നടപ്പാക്കിയതിന്റെ ഫലമായി എത്തെല്ലാം കായൽ നിലങ്ങൾ ഗവൺമെന്റിൽ നിക്ഷിപ്തമായി;

LIBRARY ARCHIVES Kerala Legislative Assembly